Page 1 of 2

"സബോർഡിനേറ്റ് ലെജിസ്ലേഷൻ" എന്ന പ്രക്രിയയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ട പ്രകാരം ബന്ധപ്പെട്ട സഭാ സമിതികൾക്ക് ലഭ്യമായ അധികാരങ്ങൾ തമസ്കരിക്കുന്ന തരത്തിലുള്ള ഇത്തരം നടപടികൾ ഒരു കാരണവശാലും ഭാവിയിൽ ഉണ്ടാകരുതെന്ന് ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളത്തിൽതന്നെ ആയിരിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

## (2) മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച റൂളിംഗ്

മി. സ്പീക്കർ : ഈ ക്രമപ്രശ്നത്തെ സംബന്ധിച്ചുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ഇത്തരം ഒരു ക്രമപ്രശ്നം ചെയർ അനുവദിച്ചത് ബോധപൂർവ്വമാണ്. ക്രമപ്രശ്നം ഉന്നയിക്കുന്നതുമായി ബന്ധപ്പെട്ട് പലതരം പ്രവണതകളും സഭയിൽ കാണാവുന്നതാണ്. ഒരംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നതിനോ തനിക്ക് അവസരം ലഭിക്കാതെ വരുമ്പോൾ ഇടപെടാൻവേണ്ടിയോ സഭയുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന നിലയിലോ ക്രമപ്രശ്നത്തെ ഉപയോഗപ്പെടുത്തുന്ന അസാധാരണമായ രീതി സഭയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നത് ചെയർ ശ്രദ്ധിക്കുകയുണ്ടായി. സഭയ്ക്കും സഭയുടെ നടപടിക്രമങ്ങൾക്കും ഒരു പാഠം എന്ന നിലയിൽക്കൂടിയാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ അനുവാദം നൽകിയതും അതുമായി ബന്ധപ്പെട്ട് റൂളിംഗ് നൽകുന്നതും.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സത്യപ്രതിജ്ഞയേയും സ്ഥാനാരോഹണത്തെയും സംബന്ധിച്ച് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ പി. സി. ജോർജ് ഇവിടെ ഉന്നയിച്ച വിഷയവും ചെയർ സസൂക്ഷ്മം പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെ, സംസ്ഥാന മന്ത്രിമാരെ നിയമിക്കുന്നതുസംബന്ധിച്ച് ഭരണഘടനയിലെ അനുച്ഛേദം 164(1)-ൽ പറഞ്ഞിരിക്കുന്നത് "മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും, മറ്റുമന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിന്മേൽ ഗവർണ്ണർ നിയമിക്കേണ്ടതും, മന്ത്രിമാർ ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതുമാകുന്നു" എന്നാണ്. അതുപോലെ അനുച്ഛേദം 164(3)-ൽ സത്യപ്രതിജ്ഞയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, "ഒരു മന്ത്രി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഗവർണ്ണർ അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തേയും രഹസ്യപാലനത്തേയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങൾ അനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു" എന്നാണ്.



LIBRARY ARCHIVES Kerala Legislative Assembly

1949 നവംബർ 26-ാം തീയതി "നാം നമുക്കുതന്നെ സമർപ്പിക്കപ്പെട്ട" ഇന്ത്യൻ ഭരണഘടനയിൽ നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾക്കോ ദുർവ്യാഖ്യാനങ്ങൾക്കോ അനിശ്ചിതമായ കോടതി വ്യവഹാരങ്ങൾക്കോ വിധേയമാകാത്ത ഒരു അനുച്ഛേദമാണ് 164-ാം അനുച്ഛേദം. 1956-ൽ നിലവിൽ വന്ന കേരള സംസ്ഥാനത്ത് 164-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത രാഷ്ട്രീയമുന്നണികളുടെ 22 സർക്കാരുകൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരുകയുണ്ടായി. അതിൽ ഏറ്റവും ഒടുവിലത്തെ ഗവൺമെന്റാണ് ഇപ്പോൾ നിലനിൽക്കുന്നത്. മുൻസർക്കാരുകളുടെ രൂപീകരണത്തിനെന്നപോലെ ഈ സർക്കാരിന്റെ രൂപീകരണത്തിലും മൗലികമായ എല്ലാ ഭരണഘടനാതത്വങ്ങളും പാലിച്ചിരുന്നുവെന്ന യാഥാർത്ഥ്യം സുവ്യക്തമായിരിക്കെ സാമാന്യയുക്തിക്ക് നിരക്കാത്ത ന്യായവാദങ്ങളുന്നയിച്ച് സഭയുടെ വിലയേറിയ സമയം പാഴാക്കേണ്ടതുണ്ടോയെന്ന കാര്യം സഭാംഗങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്നാണ് ഇക്കാര്യത്തിലുള്ള ചെയറിന്റെ അഭിപ്രായം.

പൊതുസമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളും വികാരങ്ങളും സഭയിൽകൊണ്ടുവരാൻ സാമാജികർ ബാദ്ധ്യസ്ഥരാണ്. അതോടൊപ്പംതന്നെ ഭരണഘടനയിലേയും നടപടിചട്ടങ്ങളിലേയും കീഴ്‌വഴക്കങ്ങളിലേയും വ്യതിയാനങ്ങളും നല്ലനല്ല മാതൃകകളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അനിവാര്യമാണ്. എന്നാൽ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ യുക്തിരഹിതമായി വ്യാഖ്യാനിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കിക്കളയുന്നത് ഭൂഷണമാണോയെന്ന് സഭാംഗങ്ങൾ ചിന്തിക്കേണ്ടതാണ്. കേവലം സാങ്കേതികതയുടെ നൂലാമാലകളല്ല, മറിച്ച് സാധാരണ മനുഷ്യരുടെ ജീവിത ദുരിതങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളെ പ്രചോദിപ്പിക്കേണ്ടത്. അത്തരത്തിലുള്ള ഒരു യജ്ഞത്തിന് മഹത്തായ ഈ സഭയുടെ സമയം നമുക്ക് വിനിയോഗിക്കാം. ശ്രീ പി.സി.ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## X സ്റ്റാറ്റ്യൂട്ടറി പ്രമേയം

### 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1) -ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ സംസ്ഥാനത്തെ നാല് സ്കൂളുകളെ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly